**കേരള സർക്കാർ**

**സംഗ്രഹം**

അഹാഡ്സിന്റെ കെട്ടിടവും മറ്റ് സൗകര്യങ്ങളും പ്രയോജനപ്പെടുത്തി കിലയുടെ "റീജിയണൽ സെന്ററാ" ക്കി മാറ്റി പരിശീലനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ.(സാധാ) നം. 2463/2016/തസ്വഭവ. തിരുവനന്തപുരം, തീയതി, 17.08.2016.

പരാമർശം:- 1. അഹാഡ്സ് സി.സി.പി.ആർ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.02.2016-ലെ 8/2014/CCPRM നമ്പർ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.07.2016 ലെ 2.2 നമ്പർ തീരുമാനം

**ഉത്തരവ്**

അഹാഡ്സ് - സി.സി.പി.ആർ.എം-നെ പങ്കാളിത്ത നീർത്തടാധിഷ്ഠിത വികസനത്തിൽ പഞ്ചായത്തുകൾക്കുള്ള പരിശീലന സ്ഥാപനമായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഹാഡ്സ് - സി.സി.പി.ആർ.എം എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 1 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. 27.07.2016 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം മേൽ വിഷയം പരിശോധിക്കുകയും അട്ടപ്പാടി ഹിൽ ഏരിയ സ്കീം നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ അഹാഡ്സിന്റെ കെട്ടിടവും മറ്റ് സൗകര്യങ്ങളും പ്രയോജനപ്പെടുത്തി കിലയുടെ "റീജിയണൽ സെന്ററാ"ക്കി മാറ്റി പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കാനും, നിലവിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് ഓഫീസായി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ അവർക്കുതന്നെ ഉപയോഗിക്കുന്നതിന് അനുമതി നൽകാനും മേൽ പരാമർശം 2 പ്രകാരം തീരുമാനിക്കുകയും ചെയ്തിരുന്നു.

3. ഈ സാഹചര്യത്തിൽ, അഹാഡ്സിന്റെ കെട്ടിടവും മറ്റ് സൗകര്യങ്ങളും പ്രയോജനപ്പെടുത്തി കിലയുടെ "റീജിയണൽ സെന്ററാ"ക്കി മാറ്റി പരിശീലനം നൽകുന്നതിനും നിലവിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് ഓഫീസായി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ അവർക്കുതന്നെ ഉപയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ.എസ്.ബിന്ദു**

അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, അഹാഡ്സ് - സി.സി.പി.ആർ.എം

ഡയറക്ടർ, കില

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ